"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - "നമ്മുടെ പഞ്ചായത്ത് നമ്മുടെ അഭിമാനം" - പ്രവർത്തനങ്ങൾ നടത്തിപ്പിനു അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.2645/2022/LSGD　　　　തീയതി,തിരുവനന്തപുരം, 01-11-2022

---

പരാമർശം:-　　17/10/2022 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/15251/2022-RGSA1 നമ്പർ കത്ത്.

**ഉത്തരവ്**

"നമ്മുടെ പഞ്ചായത്ത് നമ്മുടെ അഭിമാനം" എന്ന പേരിൽ നടത്തുന്ന ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തന മികവ് വിലയിരുത്തലും ജനസൗഹൃദ പഞ്ചായത്തുകളുടെ പുതിയതലം രൂപപ്പെടുത്തലും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള അനുമതിയും ടി പ്രവർത്തനങ്ങളുടെ ചെലവുകൾക്കായി വേണ്ടിവരുന്ന 48,50,000/- രൂപ RGSA പദ്ധതിയുടെ Information Education Communication (IEC) പ്രവർത്തനങ്ങൾക്കായി 2022-23 വർഷം വകയിരുത്തിയിട്ടുള്ള 2.45 കോടി രൂപയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "നമ്മുടെ പഞ്ചായത്ത് നമ്മുടെ അഭിമാനം" എന്ന പേരിൽ നടത്തുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന മികവ് വിലയിരുത്തലും ജനസൗഹൃദ പഞ്ചായത്തുകളുടെ പുതിയതലം രൂപപ്പെടുത്തലും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ടി പ്രവർത്തനങ്ങൾക്ക് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിയുടെ 2022-23 വർഷത്തെ ആക്ഷൻപ്ലാൻ പ്രകാരം Information Education Communication (IEC) എന്ന ഘടകത്തിന് വകയിരുത്തിയിട്ടുള്ള (RGSA വാർഷിക പദ്ധതിയുടെ 2% തുക) 2.45 കോടി രൂപയിൽ നിന്ന് 48,50,000/- രൂപ (നാൽപ്പത്തി എട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രഞ്ജൻ രാജ് ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, എ&ഇ, കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ. [LSGD-EM1/116/2022-LSGD]

ഉത്തരവിൻ പ്രകാരം

**Signed by M.k.pradeesh Kumar**

സെക്ഷൻ ഓഫീസർ

**Date: 02-11-2022 10:42:37**